# പിയാജിയോയുടെ ഇലക്ട്രിക് ഓട്ടോറിക്ഷ, ആപേ ഇ -സിറ്റി തിരുവനന്തപുരം വിപണിയിലിറക്കി

kannur metro

Published on 21 October 2020 9:23 pm IST





**തിരുവനന്തപുരം:** പിയാജിയോയുടെ ഇലക്ട്രിക് ഓട്ടോറിക്ഷ, ആപേ ഇ -സിറ്റി തിരുവനന്തപുരം വിപണിയിലിറക്കി.പുകരഹിതവും ഏതാണ്ട് പൂർണമായും ശ ബ്ദരഹിതവും കുലുക്കമില്ലാത്തതുമായ ഇ-സിറ്റി വിപണിയിലെത്തിക്കുക വഴി വിപ്ലവാത്മകമായ ഡ്രൈവിങ് അനുഭവമാണ് ഇറ്റലിയിലെ പിയാജിയോ ഗ്രൂപ്പിന്റെ 100 ശതമാനം സബ്സിഡിയറിയായപിയാജിയോ വെഹിക്കിൾസ് പ്രൈവറ്റ് ലിമിറ്റ ഡ് ലഭ്യമാക്കുന്നത്. ആധുനിക ലിഥിയം അയോൺ ബാറ്ററി, ഓട്ടോമാറ്റിക് ഗിയർ ബോക്സ്, മികച്ച കരുത്ത്, ,മികച്ച ടോർക്ക് എന്നിവ ഇ-സിറ്റിയുടെ എടുത്തുപറ യത്തക്ക സവിശേഷതകളാണ്.ഗിയറും ക്ലച്ചും ഇല്ല; സേഫ്റ്റി ഡോർ, പൂർണ മായും ഡിജിറ്റലൈസ് ചെയ്യപ്പെട്ട ക്ലസ്റ്റർ എന്നിവയാണ് മറ്റ് പ്രത്യേകതകൾ.വിപ ണിയിലിറക്കൽ ചടങ്ങിൽ പിയാജിയോ വെഹിക്കിൾസ് പ്രൈവറ്
ലിമിറ്റഡിലെ എം.ആർ . നാരായണനും പിയാജിയോയുടെ തിരുവനന്തപുരത്തെ ഡീലർ സ്വാമി റെജിൻ കെ. ദാസും സംബന്ധിച്ചു.

തിരുവനന്തപുരം നഗരത്തിലെ ഹ്രസ്വദൂര യാത്രയെ സംബന്ധിച്ചേടത്തോളം വ ലിയ മാറ്റങ്ങൾക്ക് നാന്ദി കുറിക്കും വിധം അത്യാധുനിക ലിഥിയംഅയോൺ ബാറ്ററികളാണ് ഇ-സിറ്റിയിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

മാറ്റിവയ്ക്കാവുന്ന ബാറ്ററിയോടുകൂടിയ പ്രഥമ ത്രിചക്ര വാഹനമാണ് ഇ- സിറ്റി. സാൻ മൊബിലിറ്റിയുടെ സഹകരണത്തോടുകൂടിയാണ് മാറ്റിവയ്ക്കാവുന്ന ബാറ്റ റി അവതരിപ്പിച്ചത്. കൂടാതെ ബാറ്ററി ചാർജ് നില അറിയാനും ബാറ്ററി ചാർജ് ചെയ്യാനും സഹായകമായ ആപ്പുമുണ്ട്. ബാറ്ററിമാറ്റിവയ്ക്കാൻ സൗകര്യമുള്ള സ്റേഷനുകളെക്കുറിച്ചുള്ള വിവരങ്ങളും ഇതിൽ ലഭ്യമാണ്.ബാറ്ററി ചാർജ് തീരുമ്പോൾ പകരം വേറൊന്ന് മാറ്റിവയ്ക്കാവുന്നസാങ്കേതിക വിദ്യയോടുകൂടിയ രാജ്യത്തെ പ്രഥമ ഓട്ടോയാണ് ഇ-സിറ്റി.







## Join our mailing list

Subscribe to get our newsletter

Enter your email

Subscribe

Kannur METRO News
Like Page 6.6K likes

# കണ്ണൂർ മെട്രോ

Kannur Metro
First Floor, Caltex Tower
Opp. Civil Station Kannur
670002

**7034342323, 7034342200**

**703 4342 323**

kannurmetrodaily@gmail.com ()

Designed ArchiKites (http://www.archikites.com/)| Copyright © 2020 @ North Malabar Media Printing and Publishing pvt.ltd